## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 116** **27.02.2017-ൽ മറുപടിയ്ക്ക്**

### കൊച്ചി മെട്രോയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ പ്രവർത്തനം ഏത് തീയതി മുതൽ യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ : | (എ) | കൊച്ചി മെട്രോയുടെ ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പ്രവർത്തനം 31.03.2017-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ച ശേഷം, മെട്രോയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ് |
| (ബി) | കൊച്ചി മെട്രോ കാക്കനാട് വരെ ദീർഘിപ്പിക്കുന്ന പ്രവൃത്തി എപ്പോഴാണ് പൂർത്തീകരിക്കുക ; ഇത് സംബന്ധിച്ച് ഇപ്പോൾ നടന്നുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | കൊച്ചി മെട്രോ കാക്കനാട് വരെ ദീർഘിപ്പിക്കുന്ന പ്രവൃത്തി ജൂൺ 2021-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്ത ശേഷം കേന്ദ്രഗവൺമെന്റിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ